**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2455 — 12.06.2018-ലെ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മികവു തെളിയിച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനും കൂടുതൽ കായിക താരങ്ങളെ പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം നിയമിച്ച് കായിക രംഗത്ത് ഉണർവ്വേകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും പ്രസ്തുത സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് 20.06.2018-ന് സർട്ടിഫിക്കറ്റ് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. സംസ്ഥാന വോളീബോൾ താരം സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**